150 YEARS OF CELEBRATING THE MAHATMA

നമ്പർ: D3-3095/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 3.6.2019

## വിജ്ഞാപനം

സംസ്ഥാനത്ത് മാനസിക രോഗാശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന മാനസിക രോഗമുക്തരായവരെ കുടുംബവുമായി യോജിപ്പിക്കുന്നതിന് മുൻപായി വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട സാമൂഹിക ജീവിതം സാദ്ധ്യമാക്കുന്നതിനുമായി ഹാഫ്‌വെ ഹോമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപും, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ടി ഹോമുകൾ നടത്തിപ്പിന് തൽപ്പരരായ NGO കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ 20.6.2019 തീയതിയ്ക്കകം ഇതോടൊപ്പമുള്ള പ്രൊഫോർമ പ്രകാരം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് വിശദാംശം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. അപേക്ഷയോടൊപ്പം അവശ്യമായ രേഖകൾ ഉൾപ്പെടുത്തേണ്ടതും ആകെ 2 പകർപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷയുടെ പുറം കവറിൽ "Application for Half Way Home Project" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

for സാമൂഹ്യനീതി ഡയറക്ടർ

db@

PDF processed with CutePDF evaluation edition www.CutePDF.com

# <u>Application Form</u>

| | | |
|---|---|---|
| 1 | Name of Organisation | |
| 2 | Registration Number & Date (Enclose attested copy) | |
| 3 | PWD Registration Number & Date (Enclose attested copy) | |
| 4 | OCB Registration Number & Date (Enclose attested copy) | |
| 5 | Name of Chief Functionary of the Organization | |
| 6 | Address of the registered Office of the Organisation with PIN Code, Phone Number & email id | |
| 7 | Name and Address of Administrative Officer with Phone Number & email id | |
| 8 | Total number of years of operation | |
| 9 | Organisation's vision & mission(not exceeding in 5 0 words) | |
| 10 | Staff Strength(enclose details in prescribed format as explained in the proposal budget) | |
| 11 | Beneficiary details(Age wise, gender wise details) | |
| 12 | Income Tax Registration details (Enclose relevant details) | |
| 13 | PAN Details of Organisation | |
| 14 | Is the Organisation currently receiving funds from state/Central Government(If yes give details) | |
| 15 | Whether funds received for last 3 years were audited.<br>If yes enclose copy of documents | Yes/No |
| 16 | Whether applied for DDRS grant for Half way Home in e-anudaan portal.<br>If Yes give ID number | Yes/No |
| 17 | Proposed Project details(not exceeding in 100 words) | |

**Signature with office seal & date**

## List of documents to be enclosed

1. Attested copy of Registration certificates
2. Staff Details
3. Beneficiary Details
4. Income Tax Registration details
5. PAN Details of Organisation
6. Audited details of last 3 years fund received

## HALF WAY HOME FOR MENTAL ILLNESS CURRED PEOPLE

## (മാനസിക രോഗ വിമുക്തരായവർക്കുള്ള പുനരധിവാസ പദ്ധതി)

**1. ആമുഖം:-**

സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളിൽ ചികിത്സയിൽ ഏർപ്പെട്ടിരുന്ന മാനസിക രോഗികളിൽ രോഗം നിയന്ത്രണ വിധേയമായിട്ടും കുടുംബാംഗങ്ങളാൽ സ്വീകരിക്കപ്പെടാത്ത നിരവധി വ്യക്തികൾ ഉണ്ട്. ടി വ്യക്തികളിൽ സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങാൻ പ്രപ്തരായവരെ കണ്ടെത്തി നൈപുണ്യ വികസനത്തിലൂടെയും സാമ്പത്തിക ശാക്തീകരണത്തിലൂടെയും കുടുംബാംഗങ്ങൾക്ക് സ്വീകാര്യമാകും വിധത്തിൽ പരിശീലിപ്പിച്ച് പുനരധിവസിപ്പിക്കേണ്ടതുണ്ട്. നിലവിൽ ഇത്തരം വ്യക്തികൾ ആശുപത്രികളിൽ തന്നെ തുടരുകയും (Long Stay Patients (LSP)) അവരുടെ വ്യക്തി ജീവിതം കൂടുതൽ വിരസവും ദുരിത പൂർണ്ണവുമായി തീരുന്നു. മാനസിക രോഗാശുപത്രികൾ, അഭയകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ചികിത്സയ്ക്ക് വിധേയമായി നിയന്ത്രണ വിധേയരായ മാനസിക രോഗം ഭേദമായിട്ടുള്ളവരെ സമൂഹവും കുടുംബാംഗങ്ങളും സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്നുണ്ട്. അപ്രകാരമുള്ളവരുടെ കുടുംബവുമായി ചേർക്കുന്നതിനു ആവശ്യമായ വൈദ്യ സഹായം നൽകി അവരെ പരിപാലിക്കുന്നതിനും, സാധാരണ ജീവിതത്തിലേയ്ക്ക് ഒരു സമയ പരിധിയിലൂടെ തിരിച്ചെത്തിക്കുന്നതും ആവശ്യമാണ്.

ശ്രീ. ഗൗരവ്കുമാർ ബൻസാൽ ഫയൽ ചെയ്തിട്ടുള്ള WP(c) No. 412/2016 കേസിന്റെ വിധിയിൽ എല്ലാ സംസ്ഥാന സർക്കാരുകളും ഇത്തരം വിഭാഗക്കാർക്കായി ഹാഫ് വേ ഹോമുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ മാനസിക രോഗം നിയന്ത്രണ വിധേയമായിട്ടുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ ആശാഭവനുകൾ ഉണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്നവർ വിവിധ തൊഴിൽ പരിശീലനങ്ങളോട് സഹകരിക്കാത്തവരോ, കുടുംബാംഗങ്ങൾ സ്വീകരിക്കാൻ തൽപരരാകാത്തവരോ, കുടുംബാംഗങ്ങൾ ഇല്ലാത്തവരോ ആണ്. മാത്രവുമല്ല ടി സ്ഥാപനങ്ങളിൽ sanctioned strengthനെക്കാളും ഇരട്ടിയോളം താമസക്കാരുണ്ട്.

ആയതിനാൽ കുടുംബാംഗങ്ങൾ സ്വീകരിക്കാൻ തൽപരരായിട്ടുള്ള മാനസിക രോഗ മുക്തരെ അവരുടെ കുടുംബങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് മുന്നോടിയായി ഒരു ഇടത്താവളം ആവശ്യമാണ്. പൂർണ്ണമായും മാനസിക രോഗമുള്ളവരുടെ ഇടയിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഇത്തരക്കാരെ

എത്തിക്കുന്നതിലേയ്ക്ക് തയ്യാറെടുപ്പ് ആവശ്യമാണ്. അത്തരം preparatory homes അഥവാ Half Way Homes NGO സഹകരണത്തോടെ നടത്തുവാൻ ഒരു പദ്ധതി നടപ്പാക്കുന്നത് ആവശ്യമായി കാണുന്നു.

## 2. ലക്ഷ്യങ്ങൾ:-

2.1) മാനസിക രോഗാശുപത്രികളിൽ നിന്നും രോഗം ഭേദമായി/രോഗം നിയന്ത്രണ വിധേയമായിട്ടുള്ളവർക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുക.

2.2) സംരക്ഷിക്കാൻ കുടുംബാംഗങ്ങൾ തയ്യാറാകാത്തതിനാലോ/ബന്ധുക്കൾ ഇല്ലാത്തതിനാലോ അനാഥരായ മാനസിക രോഗം ഭേദമായവർക്ക് തണലേകുക.

2.3) ടി വിഭാഗക്കാർക്ക് മാനസികവും ശാരീരികവുമായ ഉല്ലാസം ഉറപ്പു വരുത്തുന്നതിനുള്ള പകൽ പരിപാലനം നൽകുക.

2.4) അവർക്ക് അനുയോജ്യമായ തൊഴിൽപരിശീലനം നൽകി സാമ്പത്തികവും തൊഴിൽപരവുമായി സ്വയം പര്യാപ്തമാക്കുക. അപ്രകാരം അവരെ കുടുംബാംഗങ്ങൾക്ക് സ്വീകാര്യമാക്കുക.

2.5) മാനസികരോഗ ബാധിതർക്കുള്ള സാമൂഹ്യനീതിയും, സുരക്ഷയും, അവകാശ സംരക്ഷണവും ഉറപ്പാക്കുക.

2.6) നിലവിൽ ടി വ്യക്തികൾക്ക് ഏതെങ്കിലും തൊഴിലിൽ നൈപുണ്യം ഉണ്ടെങ്കിൽ ആയത് വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്.

## 3. നിലവിലുള്ള പദ്ധതികൾ:-

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന DDRS (Deen Dayal Rehabilitation Scheme) പദ്ധതിയിൽ ഇത്തരം മാനസിക രോഗ മുക്തരായവരെ പുനരധിവസിപ്പിക്കുന്നതിനായി ഹാഫ് വേ ഹോമുകൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ പരിശീലനം, ചികിത്സ എന്നിവ നൽകി വ്യക്തികളെ സാധാരണ ജീവിതത്തിലേയ്ക്ക് നയിക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് മാനസിക രോഗം നിയന്ത്രണ വിധേയമായവരെ പാർപ്പിക്കുന്നതിനായി 6 ആശാഭവനുകളും സർക്കാർ ഗ്രാന്റ് കൈപ്പറ്റുന്ന 33 സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളും123ഓളം psychosocial സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും ഗ്രാന്റ് കൈപ്പറ്റി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

## 4. നടത്തിപ്പ് രീതി:-

4.1) നിലവിൽ സംസ്ഥാനത്തെ വിവിധ NGOകൾ കേന്ദ്ര സർക്കാരിന്റെ DDRS സ്കീം മുഖേന ഗ്രാന്റ് കൈപ്പറ്റി ഇത്തരം വിഭാഗക്കാർക്കായി ഹാഫ് വേ ഹോമുകൾ

നടപ്പാക്കുന്നുണ്ട്. (Copy project enclosed) എന്നാൽ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പശ്ചാത്തലത്തിലും സംസ്ഥാനത്തെ വില സൂചികയ്ക്ക് വിധേയമായും DDRS നിരക്ക പ്രകാരമുള്ള പ്രോജക്ട് സംസ്ഥാനത്ത് NGOകൾ മുഖേന നടപ്പാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ NGOകൾ ഇതിനു തയ്യാറാകാത്ത സാഹചര്യമുണ്ട്. നിലവിൽ ഒരു NGO മാത്രമാണ് ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഗ്രാന്റ് കൈപ്പറ്റുന്നത്. ടി സാഹചര്യത്തിൽ DDRS ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങൾക്ക് ടി സ്കീം പ്രകാരം ലഭിക്കുന്ന തുകയോടൊപ്പം സംസ്ഥാന വിഹിതം തുക കൂടി അനുവദിച്ച് പ്രോജക്ട് വിജയകരമായി നടപ്പാക്കാവുന്നതാണ്. ഓണറേറിയം, വാടക, മറ്റ് ചെലവുകൾ എന്നിവയ്ക്ക് സംസ്ഥാന വിഹിതം തുക നിശ്ചയിച്ച് തുക അനുവദിക്കാവുന്നതാണ്. 25 പേരുള്ള ഒരു യൂണിറ്റ് ആയി പദ്ധതി ക്രമീകരിക്കാവുന്നതാണ്. DDRS പദ്ധതിക പ്രകാരമുള്ള 10% NGO Share, സംസ്ഥാന സർക്കാർ ഗ്രാന്റിന് ബാധകമായിരിക്കും.

4.2) തൽപരരായ NGOകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തി NGOയെ തെരഞ്ഞെടുക്കാവുന്നതാണ്. സംസ്ഥാന സർക്കാർ വിഹിതം തുക കൂടി നൽകി പ്രോജക്ട് നടപ്പാക്കാവുന്നതാണ്. സ്വന്തം കെട്ടിടത്തിലോ വാടക കെട്ടിടത്തിലോ പ്രോജക്ട് നടപ്പാക്കാവുന്നതാണ്. ടി കെട്ടിടം നിർബന്ധമായും ആശുപത്രി കോമ്പൗണ്ടിന് പുറത്തായിരിക്കേണ്ടതാണ്.

4.3) കെട്ടിടത്തിന് രണ്ട് നിലയിൽ കൂടുതൽ പാടില്ലാത്തതും ഗോവണി, ബാൽക്കണി തുടങ്ങിയ സ്ഥലങ്ങളിൽ സുരക്ഷാവേലി ഉണ്ടായിരിക്കേണ്ടതും സുരക്ഷിതമായ ചുറ്റുമതിൽ ഉണ്ടായിരിക്കേണ്ടതുമാണ്. (കെട്ടിടം Mental Health Act norms-ന് വിധേയമായിരിക്കണം).

4.4) 25 പേരെ പാർപ്പിക്കുന്നതിന് സ്ഥാപനത്തിന് കുറഞ്ഞത് 3500 sq ft. വിസ്തീർണ്ണവും, സുഗമമായ സഞ്ചാര പാത, തെറാപ്പി, കൗൺസിലിംഗ് എന്നിവയ്ക്കുള്ള പ്രത്യേക മുറികൾ, വിനോദം, ഭക്ഷണം പാകം ചെയ്യൽ എന്നിവയ്ക്കുള്ള പ്രത്യേകം സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

4.5) സ്ത്രീ പുരുഷ താമസക്കാർക്കായി പ്രത്യേകം സൗകര്യം ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

4.6) ശ്രീ. ഗൗരവ് കുമാർ ബൻസാൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, സ്റ്റാഫ് ഘടന എന്നിവ പാലിക്കാവുന്നതാണ്.

4.7) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ശുപാർശ ചെയ്യുന്നവർക്ക് പ്രവേശനം നൽകുന്നതും ഒരു അന്തേവാസിയ്ക്ക് പരമാവധി ഒരു വർഷത്തേയ്ക്കുള്ള പരിശീലന പരിപാലനങ്ങൾ നൽകുന്നതുമാണ്. പരിശീലനത്തിന്റെ ഓരോ ഘട്ടത്തിലും (2 മാസത്തിലൊരിക്കൽ) കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി തുടർ പരിപാലനത്തിനും പുനരധിവാസത്തിനുമുള്ള ആശയങ്ങൾ, ക്രമീകരണങ്ങൾ എന്നിവ ഏർപ്പെടുത്തുകയും അപ്രകാരം ഒരു വർഷക്കാലയളവിനുള്ളിൽ വ്യക്തിയെ പൂർണ്ണമായും കുടുംബത്തോടൊപ്പം കൂട്ടിയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ഒരു കാരണവശാലും ഒരു വ്യക്തിയെ 2 വർഷത്തിലധികം HWH-ൽ താമസിപ്പിക്കാൻ പാടില്ല. ഇങ്ങനെയുള്ള സാഹചര്യമുണ്ടായാൽ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അംഗീകാരത്തോടെ പ്രത്യാശാഭവൻ/PRC എന്നിവയിലേയ്ക്ക് ആ വ്യക്തിയെ പുനരധിവസിപ്പിക്കേണ്ടതാണ്.

4.8) സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തതിനു ശേഷം വളരെ അത്യാവശ്യവും നിർണ്ണായകവുമായ ഘട്ടങ്ങളിൽ അവശ്യമാകുന്ന പക്ഷം സ്ഥാപനത്തിൽ പ്രവേശിച്ച് പരിശീലനത്തിന്/കൗൺസിലിംഗിന് ഏർപ്പെടുന്നതിനും അനുമതി നൽകാവുന്നതാണ്. ഇപ്രകാരം താമസിക്കുന്നതിന് പരമാവധി 60 ദിവസത്തേയ്ക്കു മാത്രം അനുമതി നൽകാവുന്നതാണ്.

4.9) സ്ഥാപനം നിർബന്ധമായും മെന്റൽ ഹെൽത്ത് ആക്ട് – 2017/Person with Disabilities Act – 1995/The Rights of Persons with Disabilities Act – 2016 ഇവയിലേതെങ്കിലും ഒരു ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

4.10) ഓരോ വ്യക്തിയ്ക്കും വ്യക്തിഗത പ്ലാൻ / ചാർട്ട് തയ്യാറാക്കിയിരിക്കേണ്ടതാണ്.

4.11) പ്രോജക്ട് ആരംഭിക്കുന്നതിനു മുൻപ് സ്ഥാപനത്തിലെ ജീവനക്കാർക്ക് അവശ്യമായ പരിശീലനം നൽകിയിരിക്കേണ്ടതാണ്.

4.12) സ്ഥാപനത്തിൽ ഫണ്ട് വിനിയോഗം, അന്തേവാസികളുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് DDRS പദ്ധതി പ്രകാരമുള്ള എല്ലാ റെക്കോർഡുകൾ/രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

4.13) വ്യക്തികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകാവുന്നതും സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്തതിനു ശേഷം സ്വയം തൊഴിൽ ആരംഭിക്കുന്നതിനും തുക ആവശ്യമാണെങ്കിൽ സാമൂഹ്യനീതി ഡയറക്ടറുടെ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതുമാണ്.

4.14) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി ഹാഫ് വേ ഹോമുകൾ

AN

ആരംഭിക്കാവുന്നതും ആയതിലേയ്ക്ക് ഓരോ ജില്ലയിലെയും ഓരോ NGO വീതം തെരഞ്ഞെടുക്കാവുന്നതുമാണ്.

4.15) ഈ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന NGOകൾക്ക് കുറഞ്ഞത് 3 വർഷത്തെ പ്രവർത്തി പരിചയം ടി മേഖലയിൽ ഉണ്ടായിരിക്കേണ്ടതാണ്. GOIയുടെ DDRS പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള NGOകളെ മാത്രം ഈ പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നതാണ്.

4.16) ഒരു ജില്ലയ്ക്ക് കൂടുതൽ NGOകളുടെ അപേക്ഷ ലഭിക്കുന്ന പക്ഷം പ്രവർത്തി പരിചയം, കേന്ദ്ര സർക്കാരിന്റെ DDRS പദ്ധതി പ്രകാരമുള്ള ഫണ്ട് ലഭ്യമാണോ എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സാമൂഹ്യനീതി ഡയറക്ടർക്ക് NGOകളെ തെരഞ്ഞെടുക്കുന്നതാണ്.

5. <u>സ്റ്റാഫ് ഘടന (ഒരു യൂണിറ്റിന്- ബഹു. സുപ്രീം കോടതി വിധി പ്രകാരം):-</u>

| | | |
|---|---|---|
| House in charge/Project Co-ordinator | - | 1 |
| Office Assistant | - | 1 |
| Social Worker | - | 1 |
| Vocational Instructor | - | 1 |
| Trained Care giver | - | 2 |
| Helpers | - | 2 |
| Visiting Psychiatrist | - | 1 |
| Visiting General Physician | - | 1 |
| Visiting Occupational Therapist | - | 1 |
| Security | - | 2 |
| House Keeping & Kitchen Staff | - | 2 |

6. <u>ബഡ്ജറ്റ്:-</u>

## A. <u>Recurring Budget- Honorarium</u>

| Sl. No | Staff Details | No of Posts | DDRS rate | GOK rate | Annual cost as per DDRS rate | Annual Cost as per GOK rate | Amount payable by GOK |
|---|---|---|---|---|---|---|---|
| A | B | C | D | E | F(D*12) | G(E*12) | H(G-F) |
| 1 | Project Co- | 1 | 28750 | 29785 | 345000 | 357420 | 12420 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Ordinator | | | | | | |
| 2 | House Keeper | 1 | 7500 | 17675 | 90000 | 212100 | 122100 |
| 3 | Helper | 1 | 6250 | 17675 | 75000 | 212100 | 137100 |
| 4 | Watchman | 1 | 6250 | 17675 | 75000 | 212100 | 137100 |
| 5 | Office Assistant cum Accountant | 1 | 8750 | 20350 | 105000 | 244200 | 139200 |
| 6 | Cook cum Watcher | 2 | 0 | 17675 | 0 | 424200 | 424200 |
| 6 | Social Worker | 1 | 14500 | 28385 | 174000 | 340620 | 166620 |
| 7 | Vocational Instructor | 2 | 9500 | 29785 | 228000 | 714840 | 486840 |
| 8 | Doctor (General Physician- Two mandatory visits per week) | | 850 per visit | 1880 per visit | 88400 | 180480 | 92080 |
| 9 | Psychiatrist (Two mandatory visits) per week | | 850 per visit | 1880 per visit | 88400 | 180480 | 92080 |
| 10 | Occupational Therapist (Two mandatory visits per week) | | 850 per visit | 1880 per visit | 88400 | 180480 | 92080 |
| | | | | **Total(A)** | **13,57,200** | **32,59,020** | **19,01,820** |

**B - <u>Recurring Budget-Non- Honorarium</u>**

| **Sl. No** | **Item** | **DDRS rate** | **Annual cost as per DDRS rate** | **Amount payable by GOK in addition to DDRS amount** |
|---|---|---|---|---|
| 1 | Rent | 25000*12 | 300000 | 10000 |
| 2 | Hostel/Home Maintenance(50% paying members) | 1250*12*12 | 180000 | 25000 |
| 3 | Contingencies | 25*4000 | 100000 | 25000 |
| 4 | Medicine and Lab charges | 2500*25 | 62500 | 25000 |
| 5 | Raw Material | 25000*2 | 50000 | 10000 |

AN

| | | | | |
|---|---|---|---|---|
| | | | 12,55,000 | 95,000 |
| | | | **Total(B)** | **95,000** |

**Non-Honorarium**

| Sl. NO | Item | Annual cost as per DDRS rate | Amount payable by GOK in addition to DDRS amount |
|---|---|---|---|
| 1 | Equipment for vocational Training(2trades) | 250000 | 25000 |
| 2 | Furniture, Cots, Mattresses @ Rs. 2000 per beneficiary subject to assessment of actual needs, to cover appropriate furniture in the working area and hostel/home.(once every 3 years) | 50000 | 25000 |
| 3 | Kitchen Equipments | 20000 | 10000 |
| | **Total(C)** | **3,20,000** | **60,000** |
| | **Grand Total(A+B+C)** | **20,56,820 (for one NGO)** | |
| | **10% NGO share** | **2,05,682** | |
| | **90% government share** | **18,51,138** | |
| | **Budget for 3 NGO** | **55,53,414** | |

7. **ശീർഷകം:-**

2019-20 സാമ്പത്തിക വർഷം **2235-02-101-73(P)** ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മാനസിക രോഗികളായിട്ടുള്ളവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനായി Recovery Facilitation Centres തുടങ്ങുന്നതിനും deinstitutionalisation പ്രോത്സാഹിപ്പിക്കുന്നതിനും തുക വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ Half Way Homes ആരംഭിക്കുന്നതിനുള്ള തുക ടി ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

8. **പദ്ധതി കാലാവധിയും തുക അനുവദിക്കലും**

പദ്ധതിക്കുള്ള ഭരണാനുമതിക്ക് വിധേയമായി ലഭ്യമാക്കാവുന്നതും 75:25 എന്ന അനുപാതത്തിൽ സംസ്ഥാന വിഹിതം തുക അനുവദിക്കാവുന്നതുമാണ്. ഇതിൽ 75% തുക അഡ്വാൻസായി NGOക്ക് MOU-ന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതും, 25% തുക GOI Grant ഉൾപ്പെടെയുള്ള ഗ്രാന്റ് തുകയുടെ വിനിയോഗം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ്, യു.സി. actual expense എന്നിവയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്. ഓരോ

വർഷാന്ത്യത്തിലും പ്രോജക്ട് പുരോഗതി വിലയിരുത്തിയ ശേഷം അടുത്ത വർഷത്തേയ്ക്കുള്ള തുക അനുവദിക്കാവുന്നതാണ്.

9. <u>പദ്ധതി വിലയിരുത്തൽ:-</u>

പദ്ധതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ളവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കമ്മിറ്റി അംഗങ്ങൾ എല്ലാ മാസവും സ്ഥാപനം സന്ദർശിക്കേണ്ടതും അവശ്യമായ നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുകയോ കൂടുതൽ നിർദ്ദേശം ആവശ്യമാകുന്ന പക്ഷം സാമൂഹ്യനീതി ഡയറക്ടർക്ക് കമ്മിറ്റി കൺവീനർ മുഖേന ശുപാർശ സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

1) ജില്ലാ സാമൂഹ്യനീതി ഓഫീസർ - കൺവീനർ
2) ഡിഎംഒയുടെ പ്രതിനിധി - അംഗം
3) സൂപ്രണ്ട്, മെന്റൽ ഹെൽത്ത് സെന്റർ - അംഗം
4) NGO പ്രതിനിധി - അംഗം

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

JALAJA. S.
Assistant D...
Directorate of Soc...
Vikas Bhavan
Thiruvananthapuram

AN